# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM-P10/1528/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM-P10/1528/21 തീയ്യതി: 08/07/2022

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി എം ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 18-10-2021 | 31-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിജി വർഗ്ഗീസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. പത്മകുമാരി എൽ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺജിത്ത് ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വിഷ്ണുപ്രിയ കെ, ഓഡിറ്റർ
ശ്രീമതി. അമല സെർമിയസ്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഐ.നൗഷാദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| രാജൻ ആചാരി.ജി., സെക്രട്ടറി-ഭരണനിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ. രാജേന്ദ്രൻ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ-ഭരണനിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി ബിനിഷ, കൃഷി ഓഫീസർ-ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി ഗീത ആർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജൻ ആചാരി .ജി. | സെക്രട്ടറി | 01-04-2020 | 10-03-2021 |
| ശ്രീ.ജെ.രാധാകൃഷ്ണപിള്ള | സെക്രട്ടറി - ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |
| ശ്രീ.ജെ.രാധാകൃഷ്ണപിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.രാജേന്ദ്രൻ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിനിഷ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ബൈജുഷാ.എ.എം. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.എം.കെ.വിമല | മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 01-04-2020 | 31-03-2021 |
| ഡോ.സബിത വിജയൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.പി.ഗീത | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ സലീം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 06-07-2020 |
| ശ്രീമതി പത്മജാദേവി.ആർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-10-2020 | 31-03-2021 |
| ശ്രീമതി രേഖാലക്ഷ്മി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾ സലീം.എച്ച്. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു.കെ.ഒ. | ഫിഷറീസ് ഇൻസ്‌പെക്ടർ | 02-11-2020 | 31-03-2021 |
| ശ്രീമതി സനൂജ.കെ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിനോദ് കുമാർ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 26-04-2020 |
| ശ്രീമതി ബേബി.യു. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-08-2020 | 31-03-2021 |
| ശ്രീമതി സ്വാതി കൃഷ്ണ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Padmakumari L (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-2 |
| 3 | വാർഷിക കണക്ക പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-07-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Vishnu Priya K (Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Amala Sermius (Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-07-2022) | 1-10 |
| 13 | രസീത് പ്രകാരമുള്ള തുകകൾ യഥാസമയം ഒടുക്കു വരുത്തിയില്ല<br>Written By: Amala Sermius (Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-07-2022) | 1-11 |
| 14 | ലേല രജിസ്റ്ററും ലേല ഡയറിയും പരിശോധിച്ചതിൽ പൊതുവായി കണ്ട അപാകതകൾ<br>Written By: Amala Sermius (Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-12 |
| 15 | ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ വസ്തു നികുതി വരവായി രേഖപെടുത്തിയിരിക്കുന്നു.<br>Written By: Amala Sermius (Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-13 |
| 16 | കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുന്നില്ല<br>Written By: Vishnu Priya K (Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-14 |

| | | |
|---|---|---|
| 17 | വിനിയോഗ വിവരം ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-15 |
| 18 | കുട്ടികൾക്ക് പ്രഭാത ഭക്ഷണം - സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-16 |
| 19 | പ്ലാത്തിക്കടവ് - ഊക്കൻ മുക്ക് - പാർത്ഥസാരഥി ക്ഷേത്രം റോഡ് റീ ടാറിംഗ്, ഓട നിർമ്മാണം - ടാർ ബാരലിന്റെ വില ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി.<br>Written By: Biji Varghese (Audit Officer (HG), On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-17 |
| 20 | ലൈഫ് ഭവനനിർമ്മാണം - ആദ്യ ഗഡു കൈപ്പറ്റിയ വ്യക്തികൾ നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: Padmakumari L (Asst. Audit Officer, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-18 |
| 21 | മിനി എം.സി.എഫ്. സ്ഥാപിക്കൽ പൂർത്തിയായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Arunjith G (Senior Grade Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-19 |
| 22 | കുഴൽ കിണർ കുഴിക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Arunjith G (Senior Grade Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-20 |
| 23 | വിദ്യാർത്ഥികൾക്ക് പഠന മുറി - മുഴുവൻ ഗുണഭോക്താക്കളും നിർമ്മാണം പൂർത്തിയാക്കിയില്ല.<br>Written By: Arunjith G (Senior Grade Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-21 |
| 24 | ബെയ്‌ലിംഗ് മെഷീൻ ഇൻസ്റ്റലേഷൻ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Arunjith G (Senior Grade Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arunjith G (Senior Grade Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 07-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.03.20 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.02.21 തീയതിയിലെ 7(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.07.2020 | - | - |

### 1-2-1 വാർഷിക കണക്ക പരിശോധന

1. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാർട്ട് ബിൽ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പുതിയ ആസ്തികളുടെ ഉൾപ്പെടുത്തൽ, ആസ്തികളുടെ മൂല്യം എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല. ക്ലോസിങ്ങ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തു നികുതി- സഞ്ചയ പ്രകാരമുള്ള തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. വസ്തു നികുതി – അരിയർ ഡിമാന്റ്, അഡ്വാൻസ് കളക്ഷൻ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

6. ബാലൻസ് ഷീറ്റ് ബി7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തിയപ്പോൾ, ക്രമീകരിച്ച തുകകളുടെ ഇനം തിരിച്ചുള്ള വിവരം ഹാജരാക്കിയിട്ടില്ല.

7. എം.ജി.എൻ.ആർ.ഇ.ജി.എസ്. ഭരണ ചെലവുതുക അക്കൗണ്ട്സിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

8. ഐ.ആർ.റ്റി.സിയ്ക്ക് അഡ്വാൻസായി നൽകിയ 10,00,000/-രൂപയുടെ വിവരം RP-47ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,01,22,256/-രൂപ |
| വരവ് | 15,35,39,186/-രൂപ |
| ആകെ | 18,36,61,442/-രൂപ |
| ചെലവ് | 13,73,17,548/-രൂപ |
| നീക്കിയിരിപ്പ് | 4,63,43,894/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/അംഗീകരിക്കാത്ത തുക | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 32,02,245/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ്(₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,02,50,000/- | 2,02,50,000/- | 2,02,50,000/- | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1,34,72,481/- | 1,34,72,481/- | 1,28,67,955/- | 6,04,526/- |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | 0 | 1,46,83,580/- | 1,46,83,580/- | 1,09,39,523/- | 30,57,541/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 78,90,000/- | 78,90,000/- | 51,92,429/- | 26,97,571/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,79,30,000/- | 1,79,30,000/- | 1,79,30,000/- | 0 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 61,00,666/- | 61,00,666/- | 59,27,120/- | 1,73,546/- |
| | | | | ആകെ | 65,33,184/- |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ്. | | | | | |
| MNREGS ഭരണചെലവുകൾ | 0 | 15,55,643/- | 15,55,643/- | 15,55,643/- | 0 |
| കാവ് സംരക്ഷണം | 9,83,233/- | 0 | 9,83,233/- | 0 | 9,83,233/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ്. | | | | | |
| ICDS | 15,43,547/- | 14,32,498/- | 29,76,045/- | 21,41,531/- | 8,34,514/- |
| TSC | 31,55,306/- | 37,24,998/- | 68,80,304/- | 11,27,121/- | 57,53,183/- |
| ലൈഫ് വിഹിതം | 0 | 57,00,000/- | 57,00,000/- | 6,00,000/- | 51,00,000/- |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 6,60,558/- | 6,60,558/- | 6,60,558/- | 0 |

### 1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ, എസ്.സി.പി, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 31,72,90,744/- | 236 | 11,10,89,659/- | 0 | 14 | 94.4% |

#### പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 15,55,643/- | 15,55,643/- | 15,55,643/- | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,59,52,727/- | 5,59,52,727/- | 5,59,52,727/- | 0 |
| ആകെ | 0 | 5,75,08,370/- | 5,75,08,370/- | 5,75,08,370/- | 0 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 70,080/- | 99 |
| കർഷകതൊഴിലാളി പെൻഷൻ | 7,95,500/- | 52 |
| വിധവാ പെൻഷൻ | 2,04,58,100/- | 2114 |
| വാർദ്ധക്യകാല പെൻഷൻ | 2,94,73,000/- | 2090 |
| വികലാംഗ പെൻഷൻ | 67,60,700/- | 232 |
| വിവാഹ ധനസഹായം | 6,30,000/- | 21 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള വിവാഹ ധനസഹായം | 4,48,200/- | 39 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,263/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കണക്കുകളുടെ റീക്കൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും നികുതി പിരിവിലും തുകകളുടെ ഒടുക്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ സഞ്ചയ, സാംഖ്യ സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ നടന്നിട്ടുള്ളതിനാൽ സാംഖ്യയിൽ വരുന്ന രസീതുകളും ക്യാൻസൽ ആകുന്ന രസീതുകളും സഞ്ചയയിലും അതേസമയം അപ്ഡേറ്റ് ആകേണ്ടതുണ്ട്. എന്നാൽ നിലവിൽ സാംഖ്യയിൽ ക്യാൻസൽ ആയ രസീതുകൾ സഞ്ചയയിൽ വരവു വച്ചിട്ടുള്ളതായി കാണുന്നു. ഇത് സോഫ്റ്റ് വെയർ അപാകതയാണെന്നും ഐ.കെ.എം-ന് വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി

ചോർച്ചയ്ക്കിടയാക്കുന്ന ഇത്തരം അപാകതകളിന്മേൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

വസ്തുനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് തുടർച്ചയായ നമ്പർ നല്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. വിവിധ ലേലങ്ങൾ നടത്തുമ്പോൾ ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും നിരതദ്രവ്യം യഥാസമയം ഈടാക്കുന്നതായും നിബന്ധനകൾ പാലിച്ച് ലേല നടപടികൾ പൂർത്തിയാക്കുന്നതായും കാണുന്നില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുകകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നതായും കണ്ടെത്തിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മാനവൽ രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഒരു സാമ്പത്തിക വർഷം ഉപയോഗിച്ച രസീതു ബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ യഥാസമയം ക്യാൻസൽ ചെയ്യുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.

ആനുകൂല്യ വിതരണത്തിൽ ഡേറ്റ ബാങ്ക് സൂക്ഷിക്കാത്തത് ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിലും ഇതേ ആനുകൂല്യം നല്കാനുള്ള സാഹചര്യം നിലനിർത്തുന്നു. വി. ഇ. ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഗുണഭോക്താവിന് അർഹമായതിലും അധികം തുക അനുവദിച്ചതായും വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെയും അനർഹരായ ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചതായും കാണുന്നു.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ മാർഗ്ഗരേഖയ്ക്കുവിരുദ്ധമായി ആനുകൂല്യം അനുവദിച്ചതായും കാണുന്നു.
മേൽ വിഷയങ്ങളിൽ ബന്ധപ്പെട്ട അധികാരികളുടെയും ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.20 | 01/2020 To 03/2020 | 30.11.20 |
| അക്കൗണ്ടന്റ് ജനറലിന്റെ | 22.04.16 | 2011-12 To 2015-16 | 15.04.16 |

| ഓഡിറ്റ് | | | |
|---|---|---|---|

1-11 രസീത് പ്രകാരമുള്ള തുകകൾ യഥാസമയം ഒടുക്ക വരുത്തിയില്ല

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി. ഷീബ എസ് ന്റെ രസീത് ബുക്ക് നമ്പർ 24525 ന്റെ 04.03.2021 ലെ കളക്ഷൻ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന രസീതുകൾ പ്രകാരമുള്ള 819/- രൂപ അടവ് വന്നിട്ടില്ല. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത്/തിയതി | തുക ഒടുക്കിയ വ്യക്തിയുടെ പേര് | ഇനം | തുക (₹) |
|---|---|---|---|
| 92/04.03.2021 | അൻസർ, റോസ് ഹൗസ് | വസ്തു നികുതി | 273/- |
| 93/04.03.2021 | അൻസർ, റോസ് ഹൗസ് | വസ്തുനികുതി | 273/- |
| 94/04.03.2021 | അൻസർ, റോസ് ഹൗസ് | വസ്തു നികുതി | 273/- |

ആകെ തുക : 819/- രൂപ.

ഇതിനു വിശദീകരണം ആവശ്യപെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രസീത് നമ്പർ 121110103074 പ്രകാരം 20.10.2021 ൽ തുകയായ 819/- രൂപ ഒടുക്കുവരുത്തി. പിരിവ് നടത്തിയ ശേഷം വൈകി ഓഫീസിൽ എത്തിയത് മൂലം സംഭവിച്ച അപാകതയാണ് എന്ന് വിശദീകരണം ലഭ്യമായിട്ടുണ്ട്. പിരിച്ചെടുത്ത തുകകൾ പിറ്റേ ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്താതെ സൂക്ഷിക്കുകയും ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ മാത്രം അടവ് വരുത്തുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് താത്കാലിക പണാപഹരണമായി കണക്കാക്കേണ്ടതും ആയതിന്മേൽ പഞ്ചായത്ത് മേലധികാരികൾ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 ലേല രജിസ്റ്ററും ലേല ഡയറിയും പരിശോധിച്ചതിൽ പൊതുവായി കണ്ട അപാകതകൾ

1. ലേലത്തുക ഒടുക്ക വരുത്തുന്നതിൽ കാലതാമസം

ആഞ്ഞിലിമൂട് മാർക്കറ്റ് ലേലത്തിൽ ലേലം കൈകൊണ്ട ശ്രീ. മുജീബ് നെടുമ്പുറത്ത് നിരതദ്രവ്യമായ 50,000/- രൂപ മാത്രമാണ് ലേല തീയതിയായ 16.03.2020-ൽ ഒടുക്ക വരുത്തിയത്. ബാക്കി തുക 09.03.2021ൽ ആണ് ഒടുക്ക വരുത്തിയത്. ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടിയായി കോവിഡ്-19 നെ തുടർന്ന് രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാർക്കറ്റ് അടച്ചിട്ടതിനാലാണ് തുക ഒടുക്കുവാൻ സാവകാശം നൽകിയത് എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ലേല നിബന്ധന (5) പ്രകാരം ലേല ദിവസം തന്നെ ലേലം കൊണ്ട ആൾ GST ഉൾപ്പെടെ മുഴുവൻ തുകയും ഒടുക്കേണ്ടതായുണ്ട്. ലേലം നടന്ന തീയതിയായ 16.03.2020-നു ശേഷമാണു രാജ്യത്തു ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നത്. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

2. ഇ.എം.ഡി. തുക രസീതു പ്രകാരം സ്വീകരിക്കുന്നില്ല .

ലേലത്തിൽ കണ്ട മറ്റൊരു അപാകതയാണ് വിവിധ ഇനങ്ങളുടെ ലേലത്തിൽ പങ്കെടുത്തവർ ലേല ഇനത്തിന്റെ നിശ്ചയിക്കപ്പെട്ട നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖകളും, അവ തിരികെ ലേലക്കാർക്ക് നല്കിയതിന്റെ രേഖകളും പഞ്ചായത്തിന്റെ പക്കൽ ഇല്ല എന്നത്. ഇതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ എൻക്വയറിക്ക് മറുപടിയായി തുക ക്യാഷ് ആയി വാങ്ങിയ ശേഷം ലേലം കൊണ്ട വ്യക്തിക്ക് ഒഴികെ ബാക്കി എല്ലാവർക്കും അപ്പോൾ തന്നെ തുക തിരിച്ചു നല്കുകയാണ് എന്ന മറുപടിയാണ് ലഭിച്ചത്. ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്ന് നിരതദ്രവ്യം സ്വീകരിച്ച ശേഷം മാത്രം ലേലത്തിൽ പങ്കെടുപ്പിക്കുക എന്നാണ് വ്യവസ്ഥയുള്ളത്. അതിനാൽ തുക രസീത് ഇല്ലാതെ സ്വീകരിച്ചു തിരികെ നൽകുക എന്നുള്ളത് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ ലേലത്തിൽ പങ്കെടുക്കുന്ന എല്ലാവരിൽ നിന്നും നിരതദ്രവ്യം സ്വീകരിച്ചു രസീത്

ചെയ്യാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരുന്നു.

1-13 ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ വസ്തു നികുതി വരവായി രേഖപെടുത്തിയിരിക്കുന്നു.

ക്യാൻസൽഡ് രസീത് റിപ്പോർട്ട് പ്രകാരം ക്യാൻസൽ ചെയ്ത വസ്തുനികുതിയുടെ രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ആയിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ രസീതുകളിൽ ചിലതു സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുകയും ഈ രസീതുകൾ പ്രകാരമുള്ള വസ്തുനികുതി വരവായി രേഖപെടുത്തിയിരിക്കുന്നതായും കാണുന്നു.

ഉദാഹരണമായി 29-09-2020-ലെ രസീത് നമ്പർ 120110101990 പ്രകാരം ശ്രീ. സഞ്ജീവ് കുമാർ /ശ്രീമതി. സുജ കുമാരി എന്നിവരുടെ വസ്തു നികുതിയായ 2,218/-രൂപ സാംഖ്യയിൽ പ്രിന്റർ തകരാർ മൂലം ക്യാൻസൽ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതേ രസീത് നമ്പർ പ്രകാരം തുക സഞ്ചയയിൽ വരവായി പോസ്റ്റ് ചെയ്തിട്ടുണ്ട്. 08-10-2020-ലെ രസീത് നമ്പർ 120110102231 പ്രകാരം ശ്രീ. പദ്മനാഭന്റെ വസ്തു നികുതി ആയ 1,966/-രൂപ സാംഖ്യയിൽ ക്യാൻസൽ ചെയ്യുകയും സഞ്ചയയിൽ ഇതു വസ്തുനികുതിയായി പോസ്റ്റ് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയെ തുടർന്നു ഈ തുകകൾ 30.10.2021 തിയതിയിൽ 121110103228, 121110103229 രസീത് നമ്പറുകൾ പ്രകാരം അടവ് വരുത്തിയിട്ടുണ്ട്. സാംഖ്യയിൽ രസീത് ക്യാൻസൽ ആയ വേളയിൽ (29.09.2020) സഞ്ചയയിൽ നിന്ന് ക്യാൻസൽ ആകാത്തതിനാൽ XI/1207, XIX/1125 എന്നീ കെട്ടിടങ്ങളുടെ നികുതി അടവാക്കാൻ സാധിച്ചില്ല എന്നും ടിയാളുകളുടെ ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളുടെ നികുതി മാത്രമാണ് അടവാക്കാൻ സാധിച്ചതെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ടി തകരാർ ഓഡിറ്റ് പരാമർശത്തിനെ തുടർന്ന് ഐ.കെ.എം.ന് റിപ്പോർട്ട് ചെയ്യുകയും 30.102021ൽ തുക അടവാക്കിയെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. നികുതി അടവാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തന്നെ സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിച്ച് നികുതി ഈടാക്കണമെന്നിരിക്കെ ഓഡിറ്റ് കണ്ടെത്തി സൂചിപ്പിച്ചപ്പോൾ മാത്രമാണ് തുക ഒടുക്കു വരുത്തിയത്.

പ്രിന്റർ തകരാർ മൂലം ക്യാൻസൽ ചെയ്ത രസീതിലെ തുക തൊട്ടടുത്ത രസീത് മുഖേന സ്വീകരിച്ച് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തണമെന്നിരിക്കെ ഒരു വർഷത്തിലധികം തുക കൈവശം വയ്ക്കുകയും ഓഡിറ്റിൽ കണ്ടെത്തിയപ്പോൾ തുക അടയ്ക്കുകയും ചെയ്ത നടപടി അംഗീകരിക്കത്തക്കതല്ല. മേൽ നടപടി താത്കാലിക പണാപഹരണമായതിനാൽ മേൽ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതും കെട്ടിട നികുതി സംബന്ധിച്ച ക്യാൻസൽഡ് രസീതുകളുടെ പോസ്റ്റിംഗുകൾ പരിശോധിച്ച് നികുതി ഒടുക്കു വരുത്തൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതും യഥാസമയം രേഖകൾ പരിശോധിച്ച് അപാകത പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരേ നടപടി സ്വീകരിക്കേണ്ടതുമാണ്.

സാംഖ്യ സഞ്ചയ സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ നടത്തിയിട്ടില്ലാത്തതിനാൽ രസീതുകൾ സാംഖ്യയിൽ ക്യാൻസൽ ചെയ്യുന്ന മുറയ്ക്ക് തന്നെ സഞ്ചയയിലും ക്യാൻസൽ ചെയ്യേണ്ടതാണ്. എന്നാൽ സംഖ്യയിൽ ക്യാൻസൽ ചെയ്യപ്പെടുന്ന രസീതുകളിൽ ചിലത് സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നില്ല. സോഫ്റ്റ്‌വെയർ ഏകോപനത്തിൽ വന്ന ഈ പിഴവ് ഗുരുതരമായ അപാകതകൾക്ക് കാരണമാകുമെന്നതിനാൽ ഇതിനു പരിഹാരം കാണാൻ പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-14 കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുന്നില്ല

2019-20, 2020-21 വർഷങ്ങളിലെ അസ്സസ്സ്മെന്റ് രജിസ്റ്ററിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകിയിട്ടില്ല .

2. കൈകൊണ്ടെഴുതിയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കെട്ടിടനമ്പർ മാത്രം രേഖപ്പെടുത്തി മറ്റ് കോളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു. ഇവ സഞ്ചയയിൽ യഥാർഥത്തിൽ അസ്സസ്സ് ചെയ്യിട്ടില്ലാത്തവയാണ്.

3. ഒരു കെട്ടിട ഉടമസ്ഥന്റെ പേരിലുള്ള കെട്ടിടത്തിലെ ഒന്നിൽ കൂടുതൽ നമ്പർ നൽകിയിരിക്കുന്ന അവസരത്തിലും കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകിയിട്ടില്ല.

4. കെട്ടിട നമ്പരിന്റെ തുടർച്ച നഷ്ടപ്പെട്ട് അടുത്ത നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ, സെക്രട്ടറി ഒപ്പുവച്ച തീയതിയിലും തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നു.

ഓരോ വാർഡിലും കെട്ടിട നമ്പർ മാത്രം നൽകുകയും അസ്സസ്സ്മെന്റ് പൂർത്തീകരിച്ച് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ കെട്ടിട നമ്പരുകൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നമ്പർ |
|---|---|
| II | 816, 818, 821 To 827, 834, 836, 837, 840, 841, 842 , 844 To 847, 862 |
| III | 1021, 1027, 1062, 1079, 1081, 1082, 1083, 1163, 1164, 1170, 1175, 1177 |
| IV | 640, 646, 647, 648, 651, 653, 657, 660, 662 |
| V | 642, 644 |
| VI | 617, 620, 621, 622, 623, 624, 625, 627, 628 |
| VII | 686, 688, 708, 712 To 719, 721, 723 To 855 |
| VIII | 886, 890, 897, 898, 899, 900, 904, 906, 911, 919, 920, 921, 923 |
| IX | 873, 878, 893, 894, 895, |
| X | 845 To 849, 853, 855, 856, 857, 858, 863, 864, 868 To 879 |
| XII | 655, 657, 659, 660, 671, 675, 676, 679, 692 To 697 |
| XIII | 635, 647, 648 |
| XIV | 653, 664 To 670 |
| XV | 797, 800, 813, 815 |
| XVI | 625, 632, 634, 636, 637, 640 To 689 |
| XVII | 693, 694, 695, 700, 713, 801 |
| XVIII | 763, 765 To 773, 778, 780, 790, 795 |

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കൈകൊണ്ടെഴുതുന്ന അസ്സസ്സ്മെന്റ് രജിസ്റ്ററിൽ അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ അപേക്ഷ നമ്പർ രേഖപ്പെടുത്തി വയ്ക്കുമെന്നും പിന്നീട് സെക്രട്ടറിയുടെ ഡിജിറ്റൽ സൈനോട് കൂടിയ സഞ്ചയയിൽ നിന്നുള്ള അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് സൂക്ഷിക്കുമെന്നും മറുപടി നൽകി. ഡേറ്റാ എൻട്രി പൂർത്തീകരിച്ച അപേക്ഷകൾ പലവിധത്തിലുള്ള അപാകതകൾ പരിഹരിച്ചതിനു ശേഷം മാത്രം അംഗീകരിക്കുന്നതിനാലാണ് ഒപ്പു വച്ച തീയതിയിൽ തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നതിന് നൽകിയിരിക്കുന്ന വിശദീകരണം. ആയത് അംഗീകരിക്കുന്നു.

സഞ്ചയ സോഫ്റ്റ്വെയറിൽ നെറ്റ് കണക്ഷൻ ലഭ്യമാകാതിരിക്കുന്ന സമയത്ത് എന്റർ ചെയ്യുന്ന നമ്പരുകൾ വീണ്ടും പുതിയ ഫോം 6 എന്റർ ചെയ്യുന്നതിനായി നൽകുമ്പോൾ 'Number Already Exists' എന്ന മെസേജ് കാണിക്കുന്നതിനെ തുടർന്ന് അടുത്ത നമ്പരുകൾ നൽകി ഡേറ്റാ എൻട്രി പൂർത്തീകരിക്കുന്നതു മൂലമാണ് കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകാൻ സാധിക്കാത്തത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. മേൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിട നമ്പരുകൾ നമ്പർ എന്റർ

ചെയ്ത ഉദ്യോഗസ്ഥരുടെ ലോഗിൻ ഇൻബോക്സിൽ ലഭ്യമാണ്. ഇൻബോക്സിലെ നമ്പരുകൾ പരിശോധിച്ചതിനു ശേഷം മാത്രം പുതിയ കെട്ടിട നമ്പർ കൊടുക്കുന്ന രീതി അവലംബിക്കുകയായിരുന്നുവെങ്കിൽ ഈ അപാകത സംഭവിക്കുകയില്ലായിരുന്നു. അപേക്ഷയിലെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ വാർഡിലെയും കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുക എന്ന സോഫ്റ്റ്‌വെയറിന്റെ പ്രാഥമിക ലക്ഷ്യം തന്നെ ഇല്ലാതായ അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് കിട്ടുന്നതിന് ഐ.കെ.എം. നെ അറിയിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറയുന്നു. അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാതെ കിടക്കുന്ന നമ്പരുകൾ ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഇവ ഡിലീറ്റ് ചെയ്യുന്നതിനും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി- 3 /25.10.21

1-15 വിനിയോഗ വിവരം ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന പ്രോജക്ടുകൾക്കായി അനുവദിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നം., പേര് | ഫണ്ട് ഇനം | തുക, ചെലവ് വിവരം | കുറിപ്പുകൾ |
|---|---|---|---|
| 06/21<br>ജീവനം ഡയാലിസിസ്-വിഹിതം | വികസനഫണ്ട് -പൊതു. | ₹50,000/-<br>31/20-21, 30.09.20<br>സെക്രട്ടറി , ജില്ലാപഞ്ചായത്ത് | തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| 175/21 വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് | ₹5,75,800/-<br>02/20-21, 15.05.20<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കൊല്ലം | പൂർത്തീകരണവിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |

ആകെ ₹6,25,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. – 10/20-21 തീയതി 29.10.21 .

1-16 കുട്ടികൾക്ക് പ്രഭാത ഭക്ഷണം - സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. |
| പ്രോജക്ട് നം. | 25/21 കുട്ടികൾക്ക് പ്രഭാതഭക്ഷണം<br>(2019-20 ലെ ബാലൻസ് തുക നല്കുന്നതിന് വേണ്ടിയുള്ള പദ്ധതി) |
| അടങ്കൽ തുക | വികസന ഫണ്ട് ജനറൽ – 3,55,145/-രൂപ |
| ചെലവഴിച്ച തുക | 3,51,545/- (ബിൽ നം. 3/24.01.2020) |

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 6 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും 3 എയ്ഡഡ് സ്കൂളുകളിലെ (പള്ളിശ്ശേരിക്കൽ എൽ.പി.എസ്, സെന്റ് മേരീസ് എൽ.പി.എസ്, എ.എം.എൽ.പി.എസ്, മനക്കര.) കുട്ടികൾക്കുമാണ് പ്രതിദിനം 11.5/-രൂപ നിരക്കിൽ 2019 ജൂലൈ മുതൽ 2020 മാർച്ച് വരെയുള്ള സ്കൂൾ പ്രവർത്തി ദിനങ്ങളിൽ പ്രഭാത ഭക്ഷണം നല്കിയിട്ടുള്ളത്.

പദ്ധതിമാർഗ്ഗരേഖ (ജി.ഒ.(പി)11/2018 തീ. 29-1-18)ഖ7.6.7 പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അനുമതി വാങ്ങാതെയാണ് പഞ്ചായത്തിൽ എയ്ഡഡ് സ്കൂളുകളിൽ ഭക്ഷണ വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിൽ മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 3,51,545/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക്, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾ ആയതിനാലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം. – 14/29-10-21 .

തടസ്സപ്പെടുത്തുന്ന തുക - 3,51,545/-രൂപ .

1-17 പ്ലാത്തിക്കടവ് - ഊക്കൻ മുക്ക് - പാർത്ഥസാരഥി ക്ഷേത്രം റോഡ് റീ ടാറിംഗ്, ഓട നിർമ്മാണം - ടാർ ബാരലിന്റെ വില ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി.

പ്രോജക്ട് നം. - 202/20.

അടങ്കൽ തുക -10,50,000/-രൂപ.

കോൺട്രാക്ടർ - ഗോപാലകൃഷ്ണ പിള്ള.

എഗ്രിമെന്റ് നം., തീയതി - 09/AE/LSGD/ Dt 26-8-19.

ബിൽ നം., തീയതി - 24/20-21 Dt 12/5/20.

ഈ പ്രവൃത്തിയിൽ റീടാറിംഗിനായി 40ബാരൽ ടാർ ഉപയോഗിച്ചിരുന്നു. ഫൈനൽ ബിൽ അനുവദിച്ച് നല്കിയപ്പോൾ ടാർ ബാരലിന്റെ വില ഈടാക്കാതെയാണ് തുക നല്കിയിട്ടുള്ളത്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം - 8,44,379/-രൂപ + ജി എസ്സ് ടി - 1,01,325/-രൂപ = 9,45,704/-രൂപ

കുറയ്ക്കുക

ഇൻകം ടാക്സ് - 8,444/-രൂപ

നിർമ്മാണ തൊഴി. ക്ഷേമ നിധി- 8,360/-രൂപ

സർവ്വീസ് ചാർജ് - 84/-രൂപ

ജി എസ്സ് ടി – 8,444/-രൂപ

സി ജി എസ്സ് ടി – 8,444/-രൂപ

കോൺട്രാക്ടർക്ക് അനുവദിച്ചതു ക-9,11,928/-രൂപ

ടാർബാരലിന്റെ വിലയിനത്തിൽ ഈടാക്കേണ്ട തുക

= 40x238 = 9,520/-രൂപ +18% ജി എസ്സ് ടി -1,714/-രൂപ

= 11,234/-രൂപ

ടാർബാരലിന്റെ വിലയിനത്തിൽ ഈടാക്കേണ്ട തുക ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ രസീത് നം 12110103167 / 26-10-21 പ്രകാരം 11234/- രൂപ പഞ്ചായത്തിൽ അടവ് വരുത്തിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം-6/20-21-dt 26-10-21 .

1-18 ലൈഫ് ഭവനനിർമ്മാണം - ആദ്യ ഗഡു കൈപ്പറ്റിയ വ്യക്തികൾ നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | 1) 38/21 ലൈഫ് ഭവന പദ്ധതി ജനറൽ<br>2) 39/21 ലൈഫ് ഭവന പദ്ധതി എസ്.സി. |
| അടങ്കൽ തുക | 1) 5,20,00,000/-രൂപ<br>(വികസന ഫണ്ട് ജനറൽ - 29,52,800/-രൂപ,<br>സ്ഥാനാവിഷ്കൃതം - 1,30,00,000/-രൂപ,<br>ബ്ലോക്ക് പഞ്ചായത്ത് - 34,00,000/-രൂപ,<br>ജില്ലാ പഞ്ചായത്ത് - 40,47,200/-രൂപ,<br>ലോൺ – 2,86,00,000/-രൂപ)<br>2) 4,80,00,000/-രൂപ<br>(വികസന ഫണ്ട് എസ്.സി.പി. – 19,36,800/-രൂപ,<br>സംസ്ഥാനാവിഷ്കൃതം - 1,20,00,000/-രൂപ<br>ബ്ലോക്ക് പഞ്ചായത്ത് - 35,13,200/-രൂപ<br>ജില്ലാ പഞ്ചായത്ത് - 41,50,000/-രൂപ<br>ലോൺ – 2,64,00,000/-രൂപ ) |
| ചെലവഴിച്ച തുക | 1) 2,01,50,000/-രൂപ<br>(വികസന ഫണ്ട് ജനറൽ - 18,70,000/-രൂപ,<br>ജില്ലാപഞ്ചായത്ത് - 19,40,000/-രൂപ,<br>ലോൺ – 1,63,40,000/-രൂപ)<br>2) 51,60,000/-രൂപ<br>(വികസന ഫണ്ട് ജനറൽ – 19,36,800/-രൂപ,<br>ബ്ലോക്ക് പഞ്ചായത്ത് – 8,20,000/-രൂപ,<br>ജില്ലാപഞ്ചായത്ത് – 2,60,000/-രൂപ,<br>ലോൺ – 21,43,200/-രൂപ) |

ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ & എസ്.സി.പി.) പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

1. പ്രോ. നം. – 38/21, ലൈഫ് ഭവന പദ്ധതി ജനറൽ

| ഗുണഭോക്താവിന്റെ പേര് | തുക (₹) |
|---|---|
| വാസന്തി രഘുനാഥൻ, മാധവമന്ദിരം, പള്ളിശ്ശേരിക്കൽ | 40,000/-രൂപ (ചെക്ക് നം. 593275/ 2-12-2020) |

| | |
|---|---|
| സലിം, മുട്ടത്തയ്യത്ത് വടക്കതിയൽ | 40,000/-രൂപ (ചെക്ക് നം. 593282/ 28-12-2020) |

2. പ്രോ. നം. - 39/21, ലൈഫ് ഭവന പദ്ധതി എസ്.സി.പി.

| | |
|---|---|
| ഇന്ദിര, ഈട്ടിമൂട്ടിൽ | 40,000/-രൂപ (ബിൽ നം. 8/12-11-2020) |
| തങ്കമ്മ, തുണ്ടിൽ വടക്കതിൽ | 4,0000/-രൂപ (ബിൽ നം. 10/29-12-20) |

മേൽ ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നല്കിയ തുക തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-19 മിനി എം.സി.എഫ്. സ്ഥാപിക്കൽ പൂർത്തിയായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി 40 മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് രൂപീകരിക്കുകയും ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്ന അക്രഡിറ്റഡ് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് അഡ്വാൻസ് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട് (പ്രോജക്ട് നം. 109/21, ₹10,00,000/-, ബിൽ നം. 56/20-21, 16.02.21). നാളിതുവരെ സ്ഥാപിച്ച മിനി എം.സി.എഫുകളുടെ വിവരവും പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് നല്കിയിരുന്നു. അതിനുള്ള മറുപടിയിൽ 25 മിനി എം.സി.എഫുകൾ 2021 മാർച്ച് മാസത്തിൽ തന്നെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ബാക്കി പതിനഞ്ച് എണ്ണം ഉടൻ തന്നെ ലഭ്യമാക്കുമെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 40 മിനി എം.സി.എഫുകൾ സ്ഥാപിച്ച് പ്രോജക്ട് പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗ വിവരവും സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുള്ളതിന്റെ സാക്ഷ്യപത്രം ആയത് സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ സഹിതം നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് നാളിതുവരെ പൂർത്തിയായിട്ടില്ലാത്തതിനാൽ ₹10,00,000/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണരേഖകളും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 10,00,000/-രൂപ .
ഓഡിറ്റ് എൻക്വയറി നം. – 11/20/ 29.10.20 .

1-20 കുഴൽ കിണർ കുഴിക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ആവശ്യങ്ങൾക്കായി കുഴൽ കിണർ കുഴിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ പൂർണ്ണ പ്രയോജനത്തിൽ എത്തിയിട്ടുള്ളതായി കാണുന്നില്ല. ബന്ധപ്പെട്ട പ്രോജക്ടിന്റെയും ചെലവുതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം, പേര് | ഫണ്ട് ഇനം | തുക,<br>ചെലവ് വിവരം | നിർവ്വഹണ<br>ഏജൻസി |
|---|---|---|---|
| 81/21<br>ഗ്രാമപഞ്ചായത്ത് ഓഫീസിൽ<br>കുഴൽകിണർ നിർമ്മാണം | ധനകാര്യ<br>കമ്മീഷൻ അവാർഡ് | ₹7,24,080/-<br>40/20-21, 10.11.20<br>55/20-21, 05.02.21 | ഗ്രൗണ്ട് വാട്ടർ<br>ഡിപ്പാർട്ട്മെന്റ് |

പ്രോജക്ടിന്റെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, വിനിയോഗ വിവരം, പ്രോജക്ട്

ലക്ഷ്യം കൈവരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് 6,30,630/-രൂപയുടെ പണികൾ പൂർത്തിയായതായി സ്ഥാപനം വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ടെന്നും ജലവിനിയോഗം ഉറപ്പുവരുത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും അറിയച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പൂർത്തീകരണവിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ടിൽ നിന്നും അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതും പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

മേൽ രേഖകൾ ലഭ്യമാക്കി ₹7,24,080/-ന്റെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 10/20-21, 29.10.21 .

1-21 വിദ്യാർത്ഥികൾക്ക് പഠന മുറി - മുഴുവൻ ഗുണഭോക്താക്കളും നിർമ്മാണം പൂർത്തിയാക്കിയില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ എസ്. സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിനായി (നം. 99) 17 ഗുണഭോക്താക്കളുമായി കരാർ വച്ച് തുക അനുവദിച്ചിട്ടുണ്ട് (ഒരാൾക്ക് പരമാവധി ₹2,00,000/- മൂന്ന് ഗഡുക്കളായി). ഇതിൽ അഞ്ച് ഗുണഭോക്താക്കൾ മാത്രമാണ് 2020-21 ൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയത്. ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാത്തവരുടെ പ്രവൃത്തി പുരോഗതി വിശദാംശങ്ങളും പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് ബാക്കിയുള്ള പതിനൊന്നു ഗുണഭോക്താക്കളും കൂടി പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. "ശ്രീമതി പുഷ്പവല്ലി, ഷീജാ ഭവനം, മനക്കര" എന്ന ഗുണഭോക്താവ് ₹1,25,000/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പണികൾ പൂർത്തിയാക്കിയിട്ടില്ല. മേൽ ഗുണഭോക്താവിന്റെ കൂടി പഠനമുറി നിർമ്മാണം പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. – 4/2020-21 26.10.21 .

1-22 ബെയ്‌ലിംഗ് മെഷീൻ ഇൻസ്റ്റലേഷൻ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലേക്കായി ബെയ്‌ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട് (പ്രോജക്ട് നം. - 264/21, തുക ₹5,00,820/-, ചെക്ക് നം., തീയതി 393412/22.03.21, 393413/31.03.21). ആയതിന്റെ ഇൻസ്റ്റലേഷൻ വിവരങ്ങൾ, പ്രവർത്തന റിപ്പോർട്ട്, വാറണ്ടി, എ.എം.സി. വിവരം, ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ആസ്തി രജിസ്റ്റർ, ലോഗ് ബുക്ക്, മെയിന്റനൻസ് രജിസ്റ്റർ സഹിതം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹5,00,820/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 12/2020-21, 29.10.21.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 27.10.21 | കെ.എസ്.എ.കെ.എൽ.എം.പി10/1528/2021 തീയതി - 21.06.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 80,750/- | 45/നെൽകൃഷി വികസനം | 80,750/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 80,750/- | 173/നെൽകൃഷി വികസനം(SO) | 80,750/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,00,000/- | 15/ലൈഫ് ഭൂരഹിത പുനരധിവാസം- ജനറൽ | 4,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 19,40,000/- | 38/ലൈഫ് ഭവന പദ്ധതി-ജനറൽ | 19,40,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,60,000/- | 39/ലൈഫ് ഭവന പദ്ധതി-എസ് സി പി | 2,60,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5,00,000/- | 08/അനുപൂരക പോഷകാഹാര പരിപാടി | 5,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,00,000/- | 09/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,88,747/- | 110/ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,88,747/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,49,993/- | 176/ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (SO) | 2,49,993/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 76,000/- | 04/നെൽകൃഷി വികസനം | 76,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 61,750/- | 173/നെൽകൃഷി വികസനം(SO) | 61,750/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10,160/- | 224/സുഭിക്ഷകേരളം | 10,160/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50,000/- | 46/ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,00,000/- | 15/ലൈഫ് ഭൂരഹിത പുനരധിവാസം- ജനറൽ | 6,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 8,20,000/- | 39/ലൈഫ് ഭവന പദ്ധതി-എസ് സി പി | 8,20,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,15,300/- | 09/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,15,300/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,70,429/- | 176/ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,70,429/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, കൊല്ലം | 175/20-21 വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | 02/20-21, 15.05.20 | 5,75,800/- | 0 | 5,75,800/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 81/20-21 ഗ്രാമപഞ്ചായത്ത് ഓഫീസിൽ കുഴൽകിണർ നിർമ്മാണം | 40/20-21, 10.11.20<br>55/20-21, 05.02.21 | 7,24,080/- | 0 | 7,24,080/- |
| ഐ.ആർ.ടി.സി. | 109/20-21 മിനി മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കൽ | 56/20-21, 16.02.21 | 10,00,000/- | 0 | 10,00,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 2,12,60,000/-രൂപ വരവ് വന്നതിൽ 2,01,83,200/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 2,12,60,000/- | 1,78,49,093/- | 18,59,097/- | 0 | 3,72,49,996/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 248/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2018-19 | 1-12 | 248/- | ശ്രീ.സുരേഷ് കുമാർ, മുൻ അക്കൗണ്ടന്റ് | 119110108467 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-8 | 2011-12 | 4.8 | വൃദ്ധസദനം നിർമ്മാണം | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 2-1 | 2018-19 | | 21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും | നിയമസഭ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തുകകൾ ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 6,25,800/- | ശ്രീ. രാജൻ ആചാരി ജി, സെക്രട്ടറി |
| 1-16 | 3,51,545/- | ശ്രീ. അബ്ദുൾ സലീം. എച്ച്,<br>ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, മുതുപിലാക്കാട് |
| 1-19 | 10,00,000/- | ശ്രീ. രാജൻ ആചാരി ജി, സെക്രട്ടറി |
| 1-20 | 7,24,080/- | ശ്രീ. രാജൻ ആചാരി ജി, സെക്രട്ടറി |
| 1-22 | 5,00,820/- | ശ്രീ. ജെ രാധാകൃഷ്ണപിള്ള, അസിസ്റ്റന്റ് സെക്രട്ടറി,<br>സെക്രട്ടറി-ഇൻ-ചാർജ്ജ് |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

നഷ്ടം ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജൻ ആചാരി ജി, സെക്രട്ടറി | സെക്രട്ടറി,<br>ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | ആലുവിള പുത്തൻവീട്,<br>കിടങ്ങയം നടുവിൽ, പതാരം പി.ഒ. |
| ശ്രീ. ജെ രാധാകൃഷ്ണപിള്ള, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ്സെക്രട്ടറി,<br>ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | അഖിൽ ഭവനം, വേങ്ങ പി.ഒ,<br>ശാസ്താംകോട്ട |
| ശ്രീ. അബ്ദുൾ സലീം എച്ച്, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ-<br>ജി.എൽ.പി.എസ്, മുതുപിലാക്കാട് | വില്ലിശ്ശേരിവീട്, പള്ളിശ്ശേരിക്കൽ,<br>ശാസ്താംകോട്ട പി.ഒ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 1997-98 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 3 |
| 1998-99 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 4 |
| 1999-2000 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 13 |
| 2000-01 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 2 |
| 2002-03 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 2003-04 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 10 |
| 2004-05 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 8 |
| 2005-06 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 12 |
| 2006-07 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2007-08 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2008-09 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 3 |
| 2009-10 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 6 |
| 2010-11 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 16 |
| 2011-12 | കെ.എസ്.എ.- കെ.എൽ.എം.- പി 2/1189/15, തീ 08.09.15 | 9 |
| 2012-13 | കെ.എസ്.എ.- കെ.എൽ.എം.- പി 2/875/14 തീ 11.09.15 | 12 |
| 2013-14- 2014-15 | കെ.എസ്.എ.- കെ.എൽ.എം.- പി 10/479/16തീ 20.06.17 | 37 |
| 2015-16 | കെ.എസ്.എ.- കെ.എൽ.എം.- പി 10/1846/2016/ 23.11.17 | 15 |
| 2016-17 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1371 /18 തീ 17.05.19 | 17 |
| 2017-18 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1926 /18 തീ 15.05.19 | 19 |
| 2018-19 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1407/19 തീ 05.10.19 | 11 |
| 2019-20 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1527/21 തീ 06.05.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.